(ബി) ചെറുകിട ജലസേചന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോയെന്ന് വിലയിരുത്തുന്നതിന്റെ ഭാഗമായി ഓരോ പദ്ധതികൊണ്ടും ഉദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളിൽ ജലസേചന സൗകര്യം ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. ഓരോ പദ്ധതികളുടെയും പൂർത്തീകരണത്തിനുശേഷം അവ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. അപാകത കാണുന്ന മേഖലയിൽ ആവശ്യമായ അനന്തര നടപടികളും സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കർഷകർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്തെ 297054 ഹെക്ടർ സ്ഥലത്ത് ചെറുകിട ജലസേചന പദ്ധതികൾ മുഖേന ജലസേചന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നിലവിലുള്ള എല്ലാ ചെറുകിട ജലസേചന പദ്ധതികളുടെയും സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം പ്രത്യേകം വിലയിരുത്തി ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികളുടെ നവീകരണത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരം പദ്ധതികളിലൂടെ ജലസേചനത്തോടൊപ്പം ജല സംരക്ഷണത്തിനും ജലസ്രോതസ്സുകളുടെ പരിപാലനത്തിനും പ്രത്യേകം ഊന്നൽ നൽകുന്നുണ്ട്. ചെറുകിട ജലസേചന പദ്ധതികൾ വികസിപ്പിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി നിലവിൽ പരിഗണനയിലില്ല.

ജനറിക് മരുന്നുകൾ കുറഞ്ഞവിലയ്ക്ക് നൽകാനുള്ള പദ്ധതി

20 (*530) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യ (ബി.പി.പി.ഐ)-യുമായി ചേർന്ന് ജനറിക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകാനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതൊക്കെ സംസ്ഥാന ഏജൻസികളെയാണ് ഇതുമായി സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഏജൻസികളുടെ മുൻകാല പ്രവർത്തനമികവ് പരിഗണിച്ചിട്ടുണ്ടോ ; പദ്ധതി നടപ്പാക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ജെൻ ഔഷധിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യ (ബി.പി.പി.ഐ.) യുമായി ചേർന്ന് ജനറിക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകാനുള്ള പദ്ധതി നടപ്പിലാക്കുവാനുള്ള താല്പര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് പ്രസ്തുത പദ്ധതിയുമായി സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. മിനിസ്ട്രി ഓഫ് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് -ന്റെ 4/26/2013 നമ്പർ സർക്കുലർ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ആശുപത്രികളിൽതന്നെ സ്ഥലം കണ്ടെത്തണമെന്നുള്ളതാണ്. ഇതിനായി കീഴ്ഘടക സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

ഭക്ഷ്യോല്പന്നങ്ങളിലെ വിഷാംശപരിശോധനാ സംവിധാനങ്ങൾ

21 (T *531) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പായ്ക്കറ്റിൽ ലഭിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളിലും മസാലപ്പൊടികളിലും പച്ചക്കറികളിലും ഉൾപ്പെടെ എല്ലാ ബ്രാൻഡ് ഭക്ഷ്യ ഉല്പന്നങ്ങളിലും വിഷാംശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly